**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3613** **08.11.2019-ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ മരണപ്പെട്ട ജീവനക്കാരന്റെ എച്ച്.ബി.എ.പലിശ തുക എഴുതിത്തള്ളൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | **ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായിരുന്ന 19.12.2015-ൽ മരണപ്പെട്ട പട്ടികജാതി സമുദായാംഗമായ കെ.കെ.പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക എഴുതിത്തള്ളുന്നത് സംബന്ധിച്ച 42/D1/2019/ഗതാ. നമ്പർ ഫയലിൽ തീരുമാനം എടുക്കുന്നതിലെ കാലതാമസം മൂലം കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സംസ്ഥാന ജലഗതാഗത വകുപ്പിൽ കോൾക്കർ തസ്തികയിൽ സർവ്വീസിലിരിക്കവേ മരണമടഞ്ഞ കെ.കെ.പുരുഷോത്തമന്റെ ഭവന നിർമ്മാണ വായ്പയിൽ പലിശയിനത്തിലുള്ള ബാദ്ധ്യതയായ 32,849/- രൂപ എഴുതിത്തള്ളണമെന്ന് അക്കൗണ്ടന്റ് ജനറൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15/02/2019-ലെ ഇ4/6219/15 നമ്പർ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പ്രസ്തുത കത്തിനോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഉൾക്കൊള്ളിച്ചിരുന്നില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ 27/02/2019 ലെ സർക്കാർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടി രേഖകൾ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ 01/07/2019 ൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ 04/09/2019 ൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പിൽ നിന്നും ഫയൽ മടങ്ങി വന്നിട്ടില്ല. ഈ സാഹചര്യത്തിൽ 4/11/2019-ൽ ധനകാര്യ വകുപ്പിന് ഓർമ്മക്കുറിപ്പ് നല്കിയിരുന്നു. മരണപ്പെടുന്ന സർക്കാർ ജീവനക്കാരന്റെ 5 ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നത് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിനുശേഷമായിരിക്കണമെന്ന് 17/07/2017-ലെ സ.ഉ.(അച്ചടി) നം. 91/2017/ധന യിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡിനെ 09/10/2019-ന് ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും നടപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിശദ പരിശോധനയ്ക്കായി ഫയൽ മടക്കി നല്കുന്നതാണെന്നും ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്-ബി) വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഫയൽ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത പലിശ തുക എഴുതിത്തള്ളുന്നതിനും കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിലും വരുത്തുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത ഫയലിന്റെ നിജസ്ഥിതി എന്തെന്നും ആയതിന്മേൽ തീരുമാനം എന്നത്തേക്ക് എടുക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**